# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 15 09.06.2014 ൽ മറുപടിക്ക്

## കണ്ണൂർ വിമാനത്താവളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:<br>,, സണ്ണി ജോസഫ് :<br>,, ഐ.സി. ബാലകൃഷ്ണൻ :<br>,, വി.റ്റി. ബൽറാം: | | കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | |
| (എ) | കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | വിമാനത്താവള നിർമ്മാണത്തിനായി ഇതിനകം 1277.93 ഏക്കർ സ്ഥലം രണ്ടു ഘട്ടങ്ങളിലായി ഏറ്റെടുക്കുകയും മൂന്നാം ഘട്ടത്തിൽ 783 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി നടന്നു വരികയുമാണ്.<br>2. കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെയും പ്രതിരോധ മന്ത്രാലയത്തിന്റെയും, ആഭ്യന്തര മന്ത്രാലയത്തിന്റെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും അനുമതികൾ ഇതിനം ലഭിച്ചിട്ടുണ്ട്.<br>3. വിമാനത്താവളത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് മാസ്റ്റർ പ്ലാൻ പ്രോജക്ട് ഇൻഫർമേഷൻ മെമ്മോറാണ്ടം തുടങ്ങിയവയക്ക് കണ്ണൂർ വിമാനത്താവള കമ്പനിയുടെ ബോർഡ് യോഗം അംഗീകാരം നൽകുകയുണ്ടായി.<br>4. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ എയർസൈഡ് പ്രവർത്തികളുടെ കരാർ 694 (അറുനൂറ്റി തൊണ്ണൂത്തി നാല് ) കോടി രൂപക്ക് 5 നവംബർ 2013 ന് ലാർസൺ & ട്യൂബ്രോ ലിമിറ്റഡിന് നൽകുകയുണ്ടായി. അവർ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>5. വിമാനത്താവളത്തിൽ നിന്നുള്ള ആദ്യ |

| | | | |
|---|---|---|---|
| | | | പരീക്ഷണപ്പറക്കൽ 2015 ഡിസംബർ മാസത്തിൽ നടത്തണമെന്ന ഉദ്ദേശ്യത്തോടെയാണ് പ്രവൃത്തി നടക്കുന്നത്.<br>6. കണ്ണൂർ വിമാനത്താവളത്തിന്റെ ബാക്കി നിർമ്മാണത്തിനായുള്ള കരാർ പ്രവർത്തിക്കുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. 2014 ജൂൺ - ജൂലൈ മാസത്തോടെ പ്രവർത്തിക്കുള്ള കരാർ നൽകുന്നതാണ്.<br>7. പദ്ധതി നടത്തിപ്പിനാവശ്യമായ തുക ഓഹരിമൂലധനമായും ബാങ്ക് വായ്പയായും സമാഹരിക്കുന്നതിനുള്ള നടപടി നടന്നുവരുന്നുണ്ട്. സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും ഓഹരി വിഹിതം പൂർണ്ണമായി സമാഹരിക്കുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. സ്വകാര്യമേഖലയിലുള്ള ഓഹരി വിതരണം നടന്നുകൊണ്ടിരിക്കുന്നു. പദ്ധതി നിർമ്മാണം പുരോഗമിക്കുന്നതോടെ ബാങ്ക് വായ്പയായി എടുക്കേണ്ട ധനം സമാഹരിക്കുന്നതായിരിക്കും. |
| (ബി) | പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | ഉണ്ട്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 19 ജൂലൈ 2013ലെ ഉത്തരവ് പ്രകാരം പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തി തുടങ്ങുന്നതിനുള്ള അനുമതി കേരള മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ തൽസ്ഥിതി വ്യക്തമാക്കുമോ; | (സി) | എയർസൈഡ് പ്രവർത്തികളുടെ സാമ്പത്തിക ബിഡ് 5 നവംബർ 2013 ന് തുറക്കുകയും കുറഞ്ഞ തുക ക്വോട്ട് ചെയ്ത M/s LARSEN& TUBRO LTD കമ്പനിക്ക് അന്നുതന്നെ 694 (അറുനൂറ്റി തൊണ്ണൂറ്റി നാല് ) കോടി രൂപക്ക് വിമാനത്താവള കമ്പനിയുടെ എയർസൈഡ് വർക്കുകളുടെ കരാർ നൽകുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | കണ്ണൂർ വിമാനത്താവളത്തിന്റെ ബാക്കി നിർമ്മാണത്തിനായുള്ള കരാർ (ടെർമിനൽ ബിൽഡിംഗിന്റെയും കൺട്രോൾ ടവറിന്റെയും) പ്രവർത്തിക്കുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. 2014 ജൂൺ-ജൂലൈ മാസത്തോടെ പ്രവർത്തിക്കുള്ള കരാർ നൽകുന്നതാണ്. |
| (ഡി) | കണ്ണൂർ വിമാനത്താവളം എന്ന് മുതൽ പ്രവർത്തനമാരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ഡി) | കരാർ വ്യവസ്ഥയനുസരിച്ച് മെയ് 2016നാണ് നിർമ്മാണം പൂർത്തിയാക്കേണ്ടതെങ്കിലും 2015 ഡിസംബർ മാസത്തിൽ പരീക്ഷണ പറക്കൽ നടത്തുന്നതിനും 2016 മെയ് മാസത്തിൽ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കാനുമാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. |
| (ഇ) | പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് ? | (ഇ) | മിഷൻ 676-ൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള കണ്ണൂർ വിമാനത്താവള പദ്ധതി സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളായി അറിയപ്പെടുന്ന നവരത്ന പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ടെർമിനൽ ബിൽഡിംഗിന്റെയും കൺട്രോൾ ടവറിന്റെയും നിർമ്മാണം ജൂലൈ 5ന് ആരംഭിക്കാൻ നടപടി എടുത്തുവരുന്നുണ്ട്. ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. 2015 ഡിസംബർ മാസത്തിൽ ആദ്യവിമാനം പരീക്ഷണാടിസ്ഥാനത്തിൽ പറന്നിറങ്ങുന്നതിന് ലക്ഷ്യമിട്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ